LIBRARY ARCHIVES Kerala Legislative Assembly

ഇന്ത്യയ്ക്ക് പുറത്തുനടന്ന സാംസ്കാരിക സമ്മേളനങ്ങൾ

58 [2027] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇന്ത്യയ്ക്ക് പുറത്തുനടന്ന സാംസ്കാരിക സമ്മേളനങ്ങളിൽ സംസ്ഥാനത്തുനിന്ന് ഔദ്യോഗിക പങ്കാളിത്തമുണ്ടായിരുന്നതായി അറിയാമോ;

(ബി) പ്രസ്തുത സമ്മേളനങ്ങളിൽ സംസ്ഥാനത്തെ പ്രതിനിധീകരിച്ച് എത്രപേർ പങ്കെടുത്തു എന്നും ഓരോ സമ്മേളനങ്ങളിലും ആരെല്ലാം പങ്കെടുത്തു എന്നും അതിന് ആകെ എന്തു തുക ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ;

(സി) ഇന്ത്യയ്ക്ക് പുറത്തുനടന്ന ഏതെല്ലാം സാംസ്കാരിക സമ്മേളനങ്ങൾക്ക് ധനസഹായം നൽകിയെന്നും അവ ഓരോന്നിനും എത്ര തുക വീതമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) 2003 നവംബർ 7-ാം തീയതി മുതൽ 10-ാം തീയതി വരെ ലണ്ടനിൽ വച്ചുനടന്ന ലോകമലയാള സമ്മേളനത്തിൽ പങ്കെടുക്കുന്നതിന് സാംസ്കാരികകാര്യ വകുപ്പു സെക്രട്ടറി ശ്രീ. ഇ. കെ. ഭരത് ഭൂഷണും കേരള ചലച്ചിത്ര അക്കാദമി സെക്രട്ടറി ശ്രീ. സി. രമേഷ്കുമാറിനും അനുമതി നൽകിയിരുന്നു. ഇതിൽ ചലച്ചിത്ര അക്കാദമി സെക്രട്ടറിക്ക് സ്വന്തം ചെലവിൽ സമ്മേളനത്തിൽ പങ്കെടുക്കാനാണ് അനുമതി നൽകിയത്. സാംസ്കാരിക വകുപ്പു സെക്രട്ടറിയ്ക്കു വേണ്ടി 1,90,628 രൂപ ചെലവായിട്ടുണ്ട്.

(സി) ധനസഹായം നൽകിയിട്ടില്ല.

സർക്കാർ ഗ്രാന്റ് ലഭിച്ച സാംസ്കാരിക സ്ഥാപനങ്ങൾ

59 [2028] ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ വർഷം സർക്കാർ ഗ്രാന്റ് ലഭിച്ച സാംസ്കാരിക സ്ഥാപനങ്ങളും ഓരോ സ്ഥാപനത്തിനും അനുവദിച്ച തുകയും സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. †

† അനുബന്ധം XIII